"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019 - ആലപ്പുഴ പത്തിയൂർ ഗ്രാമപഞ്ചായത്തിൽ പട്ടയം ലഭിച്ച വസ്തുവിൽ ലൈഫ് ഭവനപദ്ധതി പ്രകാരം ലഭ്യമായ ശ്രീമതി റ്റി ഗീതയുടെ വീടിന് ചട്ടങ്ങളിൽ ഇളവനുവദിച്ചു കൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1451/2025/LSGD തീയതി, തിരുവനന്തപുരം, 12-06-2025**

---

പരാമർശം:-

1. ശ്രീമതി റ്റി ഗീത, മങ്ങാട്ട് കോളനി, പത്തിയൂർക്കാല, കീരിക്കാട് പി.ഒ., പിൻ 690508 നൽകിയ അപേക്ഷ.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 13.08.2024-ലെ LSGD/PD/21270/2024-AR1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിൽ പത്തിയൂർ ഗ്രാമപഞ്ചായത്തിൽ പട്ടയം ലഭിച്ച രണ്ടര സെന്റ് വസ്തുവിൽ ലൈഫ് ഭവനപദ്ധതി പ്രകാരം ലഭ്യമായ വീടിന് നാളിതുവരെ നമ്പർ കിട്ടിയില്ലെന്നും നമ്പർ അനുവദിക്കണമെന്നും അപേക്ഷിച്ചു കൊണ്ട് ശ്രീമതി റ്റി. ഗീത പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2) ശ്രീമതി റ്റി. ഗീതയുടെ വീട് നിർമ്മിച്ചിട്ടുള്ള വസ്തുവിനോട് ചേർന്ന് പോകുന്ന റോഡ് ആറു മീറ്ററിന് മുകളിൽ വീതിയുള്ളതിനാൽ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ചട്ടം 23 പട്ടിക 3 പ്രകാരം കെട്ടിടവും റോഡും തമ്മിൽ മൂന്ന് മീറ്റർ അകലം ആവശ്യമാണെന്നും എന്നാൽ ടി കെട്ടിടവും റോഡതിരും തമ്മിൽ 1.50 മീറ്റർ അകലം മാത്രമേയുള്ളുവെന്നും പ്രസ്തുത റോഡ് നാഷണൽ ഹൈവേ, ജില്ല പഞ്ചായത്ത് റോഡ്, സംസ്ഥാന ഹൈവേ, ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്ത റോഡ് എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ടുവരുന്നില്ല എന്നതിനാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 220(ബി)-യുടെ ലംഘനമില്ലെന്നും പത്തിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 220(ബി)-യുടെ ലംഘനമില്ലാത്ത പക്ഷം പട്ടയം ലഭിച്ച വസ്തുവിൽ ലൈഫ് ഭവനപദ്ധതി പ്രകാരം ലഭ്യമായ വീടിന് 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ചട്ടം 3(4)(d) ബാധകമാക്കാവുന്നതാണെന്ന് ചീഫ് ടൗൺ പ്ലാനർ അഭിപ്രായപ്പെട്ടിട്ടുണ്ടെന്നും പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ചട്ടം 3(4)(d)-ൽ, മുഖ്യനഗരാസൂത്രകനുമായുള്ള പര്യാലോചനകൾക്ക് അനുരൂപമായി, ദരിദ്രർക്കും ദുർബല

വിഭാഗങ്ങൾക്കും നൽകുന്ന ഭവനങ്ങൾക്ക് ടി ചട്ടങ്ങളിലെ വ്യവസ്ഥകളിൽ നിന്നും ഇളവ് നൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി റ്റി ഗീതയ്ക്ക് (മങ്ങാട്ട് കോളനി, പത്തിയൂർക്കാല, കീരിക്കാട് പി.ഒ., പിൻ 690508) ആലപ്പുഴ ജില്ലയിലെ പത്തിയൂർ ഗ്രാമപഞ്ചായത്തിൽ പട്ടയം ലഭിച്ച വസ്തുവിൽ ലൈഫ് ഭവനപദ്ധതി പ്രകാരം ലഭ്യമായ വീടിന് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 220(ബി)-യുടെ ലംഘനമില്ലെന്ന് പത്തിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ, പ്രസ്തുത വീടിന് 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ചട്ടം 3(4)(d) പ്രകാരം 2019- ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ചട്ടം 23(2)-ൽ ഇളവനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYANTHI B S
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി റ്റി ഗീത, മങ്ങാട്ട് കോളനി, പത്തിയൂർക്കാല, കീരിക്കാട് പി.ഒ., ആലപ്പുഴ, പിൻ-690508.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ജില്ല ടൗൺ പ്ലാനർ, ആലപ്പുഴ
സെക്രട്ടറി, പത്തിയൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ( വെബ് & ന്യൂ മീഡിയ), വിവരപൊതുജനസമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി ( നം. LSGD-RA1/341/2024-LSGD )

ഉത്തരവിൻ പ്രകാരം
Signed by
Shini Pereira. V
Date: 12-06-2025 17:27:50
സെക്ഷൻ ഓഫീസർ